**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1615** **08-02-2023 - ൽ മറുപടിയ്ക്ക്**

**തോട്ടവിളകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തോട്ടവിളകളുടെ സംരക്ഷണത്തിനും മൂല്യവർദ്ധനവ് ഉറപ്പാക്കുന്നതിനും കാര്യക്ഷമമായ പദ്ധതികൾ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | **തേയില, കാപ്പി, റബ്ബർ, ഏലം എന്നീ തോട്ടവിളകളുടെ ഉത്പാദനം, വികസനം, കയറ്റുമതി എന്നിവയുടെ ഉത്തരവാദിത്തം കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കമ്മോഡിറ്റി ബോർഡുകൾ മുഖേനയാണ് നടത്തിവരുന്നത്. തോട്ടവിളകൾക്കുള്ള ഇൻഷുറൻസും, നടീൽ വസ്തുക്കൾക്കുള്ള സഹായവും, യന്ത്രവൽക്കരണവും, മൂല്യവർദ്ധനവിനുള്ള വിവിധ പദ്ധതികളും മാത്രമാണ് ഇപ്പോൾ കൃഷി വകുപ്പ് മുഖേന നടപ്പാക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളായ PMFBY, RWBCIS, MIDH, SMAM, അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടത്. തോട്ടവിളകൾ ഉൾപ്പെടെയുള്ള കൃഷിയ്ക്ക് ഗുണകരമായ പരിപാടികൾ ആവിഷ്കരിക്കുന്നതിനു വേണ്ടി സംസ്ഥാന മൂല്യവർദ്ധന കൃഷി മിഷൻ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ ഭാഗമായും മൂല്യവർദ്ധനവിന് പ്രോത്സാഹനം ലഭ്യമാക്കുന്നുണ്ട്. യന്ത്രവൽക്കരണത്തിനായുള്ള സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് ആവശ്യമുള്ള യന്ത്രസാമഗ്രികളും തോട്ടവിളകൾക്കായി കൃഷി വകുപ്പ് മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്.** |
| (ബി) | ഏലം, റബ്ബർ, കാപ്പി, തേയില തുടങ്ങിയ തോട്ടവിളകളുടെ കൃഷി വിസ്തൃതി സംസ്ഥാനത്ത് കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. തേയില, കാപ്പി, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ തോട്ടവിളകളുടെ കൃഷി വിസ്തൃതി, ഉത്പാദനം, വികസനം ഉൾപ്പെടെയുള്ള പ്രവർത്തികളുടെ ഉത്തരവാദിത്തം പ്രത്യേകമായി പ്രവർത്തിച്ചുവരുന്ന കമ്മോഡിറ്റി ബോർഡുകളിൽ |

| | | | |
|---|---|---|---|
| | | | നിക്ഷിപ്തമാണെങ്കിലും തോട്ടവിളകളുടെ കൃഷി വിസ്തൃതി സംസ്ഥാനത്ത് കുറഞ്ഞുവരുന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നു. |
| (സി) | തോട്ടവിളകളുടെ സംരക്ഷണത്തിനും മൂല്യ വർദ്ധനവിനും ഉല്പാദനക്ഷമത വർദ്ധനവിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ? | (സി) | **തേയില, കാപ്പി, റബ്ബർ, ഏലം എന്നീ തോട്ടവിളകളുടെ ഉത്പാദനം, വികസനം, കയറ്റുമതി എന്നിവയുടെ ഉത്തരവാദിത്തം കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കമ്മോഡിറ്റി ബോർഡുകൾ മുഖേനയാണ് നടത്തിവരുന്നത്. തോട്ടവിളകൾക്കുള്ള ഇൻഷുറൻസും, നടീൽ വസ്തുക്കൾക്കുള്ള സഹായവും, യന്ത്രവൽക്കരണവും, മൂല്യവർദ്ധനവിനുള്ള വിവിധ പദ്ധതികളും മാത്രമാണ് കൃഷി വകുപ്പ് മുഖേന നടപ്പാക്കുന്നത്. തോട്ടവിളകൾ ഉൾപ്പെടെയുള്ള കൃഷിയ്ക്ക് ഗുണകരമായ പരിപാടികൾ ആവിഷ്കരിക്കുന്നതിനു വേണ്ടി മൂല്യവർദ്ധനവിനുള്ള സംസ്ഥാന മിഷൻ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ ഭാഗമായും മൂല്യവർദ്ധനവിനു പ്രോത്സാഹനം ലഭ്യമാക്കുന്നുണ്ട്. യന്ത്രവൽക്കരണത്തിനായുള്ള സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് ആവശ്യമുള്ള യന്ത്രസാമഗ്രികളും തോട്ടവിളകൾക്കായി കൃഷി വകുപ്പ് മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ